# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2261** **18/07/2016-ൽ മറുപടിയ്ക്ക്**

<u>ഉൾനാടൻ മത്സ്യ സമ്പത്തിലുണ്ടായ കുറവ്</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | കേരളത്തിലെ ഉൾനാടൻ മത്സ്യ സമ്പത്തിലുണ്ടായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ; | എ) | ഇല്ല. ഉൾനാടൻ മത്സ്യഉത്പാദനത്തിന്റെ അധിക വർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതി മുഖാന്തിരം ഉൾനാടൻ മത്സ്യസമ്പത്തിന്റെ അളവ് വർദ്ധിച്ചു വരുകയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.<br><br>ഉൾനാടൻ മത്സ്യ ഉൽപാദനത്തിന്റെ കഴിഞ്ഞ ആറു വർഷത്തെ കണക്ക് താഴെ പറയും പ്രകാരമാണ്. |

| വർഷം | ഉൾനാടൻ മത്സ്യ ഉൽപാദനം (മെട്രിക് ടൺ) |
|---|---|
| 2010-11 | 1.21 |
| 2011-12 | 1.40 |
| 2012-13 | 1.49 |
| 2013-14 | 1.86 |
| 2014-15 | 2.02 |
| 2015-16 | 2.11 |

| | | | |
|---|---|---|---|
| ബി) | ഉൾനാടൻ മത്സ്യ സമ്പത്തിലുൾപ്പെട്ടിരുന്ന പരമ്പരാഗത മത്സ്യ ഇനങ്ങളിൽ ചിലതിന്റെ വംശനാശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇനിയും | ബി) | ഉൾനാടൻ മത്സ്യമേഖലയിലെ കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടിൻമേൽ പരമ്പരാഗത മത്സ്യ ഇനങ്ങളിൽ ചിലതിന് വംശനാശ ഭീഷണി നേരിടുന്നതായി റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. ഉൾനാടൻ മത്സ്യസമ്പത്തിൽ ഉൾപ്പെട്ടിട്ടുള്ളതും പരമ്പരാഗത മത്സ്യ ഇനങ്ങളിൽ വംശനാശ ഭീഷണി നേരിടുന്നതും സംസ്ഥാന |

| | | | |
|---|---|---|---|
| | അവശേഷിക്കുന്നതും വംശനാശം സംഭവിക്കാത്തതുമായ മത്സ്യ ഇനങ്ങളുടെ വംശം നിലനിർത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ; | | മത്സ്യവുമായ കരിമീനിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സംരക്ഷണത്തിനും ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ സമൃദ്ധി II പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊളച്ചേരി, പത്തനംതിട്ട ജില്ലയിലെ പമ്പ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കൊല്ലം ജില്ലയിലെ ചേലൂർ കായൽ എന്നിവിടങ്ങളിലായി 7 മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ചിട്ടു ണ്ട് |
| സി) | ഉൾനാടൻ മത്സ്യ സമ്പത്തിലെ പരമ്പരാഗത ഇനങ്ങളുടെ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം നൽകാമോ? | സി) | മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പൊതു ജലാശയങ്ങളിലെ മത്സ്യ വിത്ത് നിക്ഷേപം പദ്ധതിയിൽ പരമ്പരാഗത മത്സ്യ ഇനങ്ങളായ കരിമീൻ, പൂമീൻ തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ പൊതു ജലാശയങ്ങളിലായി നിക്ഷേപിച്ചു വരുന്നു. ഈ പദ്ധതിക്കു വേണ്ടി ഓരോജില്ലയ്ക്കും 5 ലക്ഷം രൂപാ വീതം 3 വർഷത്തേക്ക് 210 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യകുഞ്ഞുങ്ങളെ പൊതു ജലാശയങ്ങിൽ സോഷ്യൽ ഫിഷറീസ്, സീ റാഞ്ചിംഗ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലെ വിവിധ ഉൾനാടൻ ജലാശങ്ങളിൽ നിക്ഷേപിച്ചിട്ടു ണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾക്ക് അനുവദിച്ചു നൽകിയിരുന്നു. ടി തുക ഉപയോഗിച്ച് 729000 പൂമീൻ കുഞ്ഞുങ്ങളെ മേൽപ്പറഞ്ഞ ജില്ലകളിലെ പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടു ണ്ട്. 2016-17 വർഷത്തിൽ പൊതു ജലാശയത്തിൽ മത്സ്യ/കൊഞ്ചു കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 5 ലക്ഷം രൂപാ വീതം 9 ജില്ലകൾക്ക് മൊത്തം 45 ലക്ഷം രൂപ നൽകിയിട്ടു ണ്ട്.<br>കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊളച്ചേരി, പത്തനംതിട്ട ജില്ലയിലെ പമ്പ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കൊല്ലം ജില്ലയിലെ ചേലൂർ കായൽ എന്നിവിടങ്ങളിലായി 7 മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുകയും കുമരകം മത്സ്യസങ്കേതത്തിൽ കരിമീൻ കുഞ്ഞുങ്ങളെയും |

| | | | |
|---|---|---|---|
| | | | നീലംപേരൂർ മത്സ്യസങ്കേതത്തിൽ 24,60,795 ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെയും പമ്പാ നദിയിൽ 31,815 കരിമീൻ, 8600 പൂമീൻ, 339008 ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെയും എറണാകുളം പിറവം ഗ്രാമ<br>പഞ്ചായത്തിലെ മൂവാറ്റുപുഴ ആറിൽ 602308 ആറ്റുകൊഞ്ചും 4736 കരിമീൻ, കൊല്ലം ജില്ലയിലെ ചേലൂർ കായലിൽ 24400 പൂമീൻ, 6,26,441 ആറ്റുകൊഞ്ച്, കണ്ണൂർ ജില്ലയിലെ പയ്യനൂർ മത്സ്യസങ്കേതത്തിൽ 24022 കരിമീൻ കുഞ്ഞുങ്ങൾ, കുളച്ചേരി മത്സ്യസങ്കേതത്തിൽ 10550 കരിമീൻ 108878 ആറ്റുകൊഞ്ച്, 6500 പൂമീൻ എന്നിവയുടെ നിക്ഷേപങ്ങൾ നടത്തിയിട്ടു ണ്ട്. |

**സെക്ഷൻ ആഫീസർ**